നം.ക്യൂ.ഐ.പി.1/44849/2017/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : **26.09.2017**

പ്രേഷകൻ
പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്
**സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ എസ്.എസ്.എ.**
**എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും**
**എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും**
**എല്ലാ മുസ്ലിം സ്കൂൾ പ്രഥമാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)**

സർ,

വിഷയം:- 2017-18 അധ്യയന വർഷത്തെ ഒന്നാം പാദവാർഷിക പരീക്ഷ(മുസ്ലിം സ്കൂൾ) - സംബന്ധിച്ച്.

സൂചന:- 19/09/2017-ലെ ക്യു.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം.

മുസ്ലിം കലണ്ടർ പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകളിൽ ഒക്ടോബർ 3 മുതൽ 10 വരെ ആയിരുന്നു എൽ.പി./യു.പി. വിഭാഗം ഒന്നാം പാദവാർഷിക പരീക്ഷ നിശ്ചയിച്ചിരുന്നത്.

എന്നാൽ ഒക്ടോബർ 7-ന് അധ്യാപകരുടെ ക്ലസ്റ്റർതല യോഗം നടക്കുകയാണ്. കൂടാതെ വേങ്ങര ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വേങ്ങര സബ്ജില്ലയിലെ സ്കൂളുകളിൽ ഒക്ടോബർ 10-ന് പരീക്ഷ നടത്തുവാൻ കഴിയാത്ത അവസ്ഥയുമുണ്ട്.

ഈ സാഹചര്യത്തിൽ മുസ്ലിം കലണ്ടർ പ്രകാരം പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളിലും 7-ാം തീയതി നിശ്ചയിച്ചിരുന്ന പരീക്ഷകൾ ഒക്ടോബർ 12-നും, 10-ാം തീയതി നിശ്ചയിച്ചിരുന്ന പരീക്ഷകൾ ഒക്ടോബർ 16-നും മുൻ നിശ്ചയിച്ച സമയക്രമം അനുസരിച്ച് നടത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

**ജിമ്മി കെ.ജോസ്**
**പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(അക്കാദമിക്)**
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി